

## പ്രവാചകൻ

"സ്മൃതിയുടെ സാന്ധ്യപ്രകാശത്തിൽ, ഒരിക്കൽക്കൂടി കണ്ടുമുട്ടുകയാണെങ്കിൽ, നമ്മൾ വീണ്ടും ഒരുമിച്ചു സംസാരിക്കും. നിങ്ങൾ എനിക്കായി, അഗാധതരമായ ഒരു ഗാനം പാടും.

മറ്റൊരു സ്വപ്നത്തിൽ, നമ്മുടെ പാണികൾ സന്ധിക്കുകയാണെങ്കിൽ, നാം മറ്റൊരു ഗോപുരം, ആകാശത്തിൽ പണിയും."

ജിബ്രാന്റെ സമസ്തസിദ്ധികളും ഇതൾവിടർന്നുനിൽക്കുന്ന, വിശ്വപ്രസിദ്ധവും വിശിഷ്ടവുമായ ഈ യോഗാത്മക ഗദ്യകാവ്യം അതിന്റെ സമസ്ത ഭാവസൗന്ദര്യങ്ങളോടുംകൂടി പരിഭാഷപ്പെടുത്തിയിരിക്കുന്നു.

വിവർത്തനം: പ്രൊഫ. കെ. വി. തമ്പി


ഡി സി ബുക്സ്

നോവൽ

ISBN 81-713-0144-4

00008

9 788171 301447

₹ 50.00



T8M1 JIB/P
432


# ഖലീൽ ജിബ്രാൻ

# പ്രവാചകൻ




T8M1 JIB/P
CASMTKM BK
432



dcb

145

CASM College Library
432
T8M1 JIB/P

T8M1 JIB/P
CASMTKM BK
432

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 432 Call No.

This book should be returned on or before the date last given below.

28 AUG 2015
15-023
MAR 2016
14-028
7 JUL 2016
14-010
3 AUG 2016
TMP08
22 APR 2017
15-033
JUL 2017

## പ്രൊഫ. കെ.വി. തമ്പി

കവിയും അധ്യാപകനും വിവർത്തകനും. 1937 ജനുവരി 24-ന് എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിൽ ജനിച്ചു. മലയാളം എം.എ. ബിരുദം നേടി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് മലയാളവിഭാഗത്തിന്റെ മേധാവിയായിരുന്നു. *പുനർജന്മം, പ്രവാസഗീതം* (കവിത), *ഒടിഞ്ഞ ചിറകുകൾ* (നോവൽ പരിഭാഷ), *പിൻഗാമികൾ* (കമലാദാസിന്റെ കവിതകളുടെ പരിഭാഷ) എന്നിവയാണ് മറ്റു കൃതികൾ. *മലയാളം ബൈബിളി*ലെ ആദ്യത്തെ 105 സങ്കീർത്തനങ്ങളുടെ പരിഭാഷകൻ.

ഖലീൽ ജിബ്രാൻ

# പ്രവാചകൻ

വിവർത്തനം

പ്രൊഫ. കെ.വി. തമ്പി

ഡി സി ബുക്സ്

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

Malayalam Language
Original English Title
**The Prophet**
Prose Poem
by **Kahlil Gibran**
Malayalam Title
**Pravāchakan**
Translated by **Prof. K.V. Thampi**
Rights Reserved
First Published November 1973
First DCB Edition April 1992
8th impression April 2012

*Cover illustration*
Baiju Dev

*Cover Design*
N. Ajayan

Printed in India
at D C Press (P) Ltd., Kottayam-686 012

*Publishers*
**D C Books**, Kottayam-686 001
Kerala State, India
website : www.dcbooks.com
e-mail : info@dcbooks.com
Online Bookstore : www.dcbookshop.net

*Distributors*
**D C Books-Current Books**

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-713-0144-4

D C BOOKS - The first Indian Book Publishing House to get ISO Certification

₹. 50.00

942/12-13-Sl.No. 11772-dcb 1325-(8)2000-1315-04-12-Spb 18.1-p ag-r(t) ra-d(t) jp

# അവതാരിക

മനുഷ്യന്റെ അധരങ്ങളിൽ തങ്ങി നില്ക്കുന്ന ഏററവും മനോഹരമായ പദം 'അമ്മ'യാണ്. വിളിക്കാൻ ഏററവും മനോഹരമായ ശബ്ദം "എന്റെ അമ്മേ" എന്നുള്ളതാണ്. ആ പദം ആശയും സ്നേഹവും നിറഞ്ഞതാണ്. ഹൃദയത്തിന്റെ അഗാധതലത്തിൽനിന്ന് ഉയർന്നുവരുന്ന ഈ പദം മധുരവും കനിവുള്ളതുമാണ്.

അമ്മ എല്ലാമാണ്—ദുഃഖത്തിൽ ആശ്വാസവും കഷ്ടപ്പാടിൽ പ്രത്യാശയും ബലഹീനതയിൽ ശക്തിയുമാണ്.

സ്നേഹം, കരുണ, സഹതാപം, ക്ഷമ എന്നിവയുടെ ഉത്ഭവസ്ഥാനം അമ്മയാണ്.

ഒരാൾക്ക് അവന്റെ അമ്മ നഷ്ടപ്പെടുന്നപക്ഷം നിരന്തരം അവനെ കാത്തുസൂക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യുന്ന പരിപാവനമായ ഒരു ആത്മാവ് അവനു നഷ്ടപ്പെടുന്നു.

പ്രകൃതിയിൽ കാണുന്നവയെല്ലാം അമ്മയുടെ പ്രതീകങ്ങളാണ്. സൂര്യൻ ഭൂമിയുടെ അമ്മയാണ്. അതു ചൂടിന്റെ പോഷകശക്തി ഭൂമിക്കു നല്കുന്നു. രാത്രിയിൽ സമുദ്രത്തിന്റെ ഗാനവും കിളികളുടെയും അരുവികളുടെയും ഗീതവും കേട്ട് ഭൂമി നിദ്രയിൽ ലയിക്കുന്നതുവരെ, സൂര്യൻ പ്രപഞ്ചത്തെ വിട്ടുപിരിയുന്നില്ല. ഈ ഭൂമി വൃക്ഷങ്ങളുടെയും പുഷ്പങ്ങളുടെയും അമ്മയാണ്. ഭൂമി അവയെ പ്രസവിക്കയും താലോലിക്കയും വളർത്തുകയും ചെയ്യുന്നു.

വൃക്ഷങ്ങളും പുഷ്പങ്ങളും തങ്ങളുടെ മഹത്തായ ഫലങ്ങളുടെയും വിത്തുകളുടെയും അമ്മയായിത്തീരുന്നു.

എല്ലാ ഉണ്മയുടെയും ആദിരൂപമായ അമ്മ, സൗന്ദര്യവും സ്നേഹവും നിറഞ്ഞ ആത്മാവിന്റെ അനശ്വരശക്തിയാണ്.

മേൽ വിവരിച്ച വാചകങ്ങൾ ഖലീൽ ജിബ്രാന്റെ ഹൃദയത്തിന്റെ പ്രതിഫലനങ്ങളാണ്. അദ്ദേഹത്തെ സംബന്ധിച്ചിട ത്തോളം സ്നേഹരൂപിണിയായ ഒരു ദേവിയായിരുന്നു അമ്മ. അദ്ദേഹത്തിന്റെ കവിതകളിലും കഥകളിലും അങ്ങിങ്ങായി നിഴലിച്ചു കാണുന്ന വിഷാദം അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളിൽ നിന്നുയർന്നുവന്നതാണ്.

യൗവനകാലത്ത് അദ്ദേഹത്തിനു നേരിടേണ്ടിവന്ന ദൗർഭാഗ്യങ്ങളുടെ സന്താനമാണ് ഈ വിഷാദം. 1902 ഏപ്രിലിൽ അദ്ദേഹത്തിൻെറ സഹോദരി സുൽത്താന മരിച്ചു. അദ്ദേഹത്തിൻെറ സഹോദരനായ പീററർ ഇളംപ്രായത്തിൽത്തന്നെ—1903 ഫെബ്രുവരിയിൽ—പരലോകം പൂകി. അതിനുശേഷം മൂന്നു മാസം കഴിഞ്ഞ് അദ്ദേഹത്തിൻെറ ദേവിയായിരുന്ന അമ്മ ചരമംപ്രാപിച്ചു.

ഖലീൽ ജിബ്രാൻ (1883-1931) ലബനോൻെറ അമർത്യനായ പ്രവാചകൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ലബനോനിലെ വിശുദ്ധ കേദാരവൃക്ഷങ്ങൾ നിറഞ്ഞുനില്ക്കുന്ന മഹാവനത്തിൻെറ കാവൽ നഗരമെന്ന പദവിയിൽ സ്വയം അഭിമാനംകൊള്ളുന്ന സുപ്രസിദ്ധമായ ബ്ഷാറെ പട്ടണത്തിലാണ് ജിബ്രാൻ ജനിച്ചത്. ശലോമോൻ രാജാവു പണിയിച്ച ദേവാലയത്തിനുവേണ്ടി ഈ വനത്തിലെ മരങ്ങൾ ഉപയോഗിച്ചിരുന്നു.

കവിയുടെ പിതാവിൻെറ പേര് ഖലീൽ ജിബ്രാൻ എന്നാണ്. മാറാനായ കാതോലിക് പുരോഹിതനായ ഫാദർ എസ്തേഫാൻ റഹ്മേയുടെ പുത്രി കമീലയാണ് അമ്മ. കവിയുടെ പൂർണമായ പേര് ജിബ്രാൻ ഖലീൽ ജിബ്രാൻ എന്നാണ്. മാമോദീസാസമയത്ത് അദ്ദേഹത്തിനു നല്കിയ പേര് ജിബ്രാൻ എന്നാണ്.

അറബിഭാഷയിലെ ഒപ്പിൽ പൂർണമായ പേരാണ് എഴുതി യിരുന്നത്. ഇംഗ്ലീഷിൽ ഖലീൽ ജിബ്രാൻ എന്നു മാത്രമേ എഴുതാറുണ്ടായിരുന്നുള്ളു.

ജനിച്ച നഗരത്തിൽത്തന്നെയാണ് അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം നടത്തിയത്. അദ്ദേഹത്തിനു പന്ത്രണ്ടു വയസ്സുള്ളപ്പോൾ അമ്മ, സഹോദരൻ പീററർ, സഹോദരികളായ മിറിയാന, സുൽത്താന എന്നിവരോടൊന്നിച്ച് അദ്ദേഹം അമേരിക്കയിൽ ബോസ്ററൺ നഗരത്തിൽ 1895 ജൂണിൽ താമസമുറപ്പിച്ചു. രണ്ടര വർഷം അവിടെ പബ്ലിക് സ്കൂളിലും ഒരു വർഷം നിശാപാഠശാലയിലും പഠിച്ചു. ലബനോനിൽ പോയി, ബൈറൂട്ടിൽ മാറാനായ ബിഷപ്പ് ജോസഫ് സ്ഥാപിച്ച മദ്രസത്-അൽ-ഹിക്മത് (ജ്ഞാനത്തിൻെറ വിദ്യാപീഠം) എന്ന സ്കൂളിൽ പഠിക്കുവാൻ അദ്ദേഹത്തിന് അമ്മ അനുവാദം കൊടുത്തു. പരീക്ഷയിൽ ജയിച്ചശേഷം സിറിയ, ലബനോൻ മുതലായ രാജ്യങ്ങളിലെ ചരിത്രപ്രധാനമായ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു പഠനം നടത്തി.

ലബനോനിൽനിന്ന് 1902-ൽ അമേരിക്കയിലേക്കു് മടങ്ങി. ചിത്രകലയിൽ അസാമാന്യ വാസനയുണ്ടായിരുന്ന അദ്ദേഹം പെയിൻറിങ്ങിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

പാരീസിലെ ലളിതകലാ അക്കാദമിയിൽ അദ്ദേഹം 1908-ൽ ചേരുകയും അവിടെ സുപ്രസിദ്ധനായ അഗസ്തേ റോദിൻ എന്ന ശില്പിയുടെ കീഴിൽ മൂന്നു വർഷം പരിശീലനം നേടുകയും ചെയ്തു. പാരീസിൽനിന്ന് അദ്ദേഹം ന്യൂയോർക്കിലേക്കു മടങ്ങി. ആണ്ടിലൊരിക്കൽ



അദ്ദേഹം ബോസ്ററണിൽ പോയി സഹോദരി മിറിയാനയുടെ വീട്ടിൽ പാർക്കുമായിരുന്നു.

ജിബ്രാൻെറ വിശ്വപ്രസിദ്ധമായ വിശിഷ്ട കൃതികളിലൊന്നാണ് 'പ്രവാചകൻ'. അറബിഭാഷയിലെ മൂലകൃതി അദ്ദേഹംതന്നെയാണ് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയത്. മറെറാരു ഭാഷയിലേക്കു പരിഭാഷപ്പെടുത്തുവാൻ ദുഷ്കരമായ വിധത്തിൽ പൂർണതയെ പ്രാപിച്ച കാവ്യശൈലിയിലാണ് അദ്ദേഹം ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തുന്നതിൽ ഒരു പണ്ഡിതനു വിജയിക്കാ വുന്നത്രയും കെ.വി.തമ്പി വിജയിച്ചു. വാസനാസമ്പന്നനായ കവി കെ.വി. തമ്പി അനുമോദനാർഹനാണ്.

**വറുഗീസ് കളത്തിൽ**